**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 468** | **08-07-2024 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഡിസ്കിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 1985 ലെ ട്രാവൻകൂർ - കൊച്ചിൻ സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം സൊസൈറ്റി ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കെ-ഡിസ്കിന്റെ (കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്തിന്റെ വികസന രേഖകൾ നേരിടുന്ന വെല്ലുവിളികളെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ യുക്തിഭദ്രമായ ഉപയോഗത്തിലൂടെ, ഉൽപാദന ക്ഷമത വർദ്ധിപ്പിക്കൽ, കിടമത്സരം പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ എന്നിവ വഴി നവീകരണത്തിനുള്ള പ്രോത്സാഹനം നൽകൽ, സംസ്ഥാനത്തുടനീളം പുരോഗതി കൈവരിക്കുന്നതിനാവശ്യമായ പരീക്ഷണങ്ങൾക്കും വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും സർഗ്ഗാത്മകമായ കഴിവുകൾ കൈവരിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുക. കൂടാതെ, വിവര മൂലധനം പ്രത്യേകിച്ചും, ചെറുപ്പക്കാരിൽ വളർത്തിയെടുക്കുന്നതിനായി അവരുടെ കഴിവുകൾ, സമീപനം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു Knowledge economy talent tool ഉണ്ടാക്കിയെടുക്കുക. യുവതലമുറയുടെ കഴിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ഥാപനങ്ങളുടെ തലത്തിൽ, വൻതോതിലുള്ള നവീകരണ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലും, സർക്കാർ സ്ഥാപനങ്ങളിലും പൊതു-ധനകാര്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ എന്നിവയും കെ-ഡിസ്ക് ലക്ഷ്യമിടുന്നു. തന്ത്രപരമായ സമീപനങ്ങളിലൂടെ സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ, |

അക്കാദമിക്ക് സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും, കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക എന്നിവയും കെ-ഡിസ്കിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽപ്പെടുന്നു. സുപ്രധാന മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി കേരളത്തിലെ സർവ്വകലാശാലകളുടെ സഹായത്തോടുകൂടി ഒരു ഡിജിറ്റൽവിപ്ലവവും കെ-ഡിസ്കിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

സർക്കാരിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, യുവ ഇന്നൊവേറ്റർമാരെ ഉയർത്തിക്കൊണ്ട് വരുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ടവർക്കിടയിൽ സാമൂഹിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, മുൻനിര സംരംഭങ്ങൾക്ക് തുടക്കം കുറിച്ച് നിരവധി പ്രവർത്തനങ്ങൾ കെ-ഡിസ്ക് ഏറ്റെടുത്തിട്ടുണ്ട്.

കേരളത്തിലെ സമഗ്രവും ഗുണമേന്മയുള്ളതുമായ മനുഷ്യവികസനശ്രമമെന്ന നിലയിൽ, കെ-ഡിസ്കിന്റെ ദൗത്യത്തെ വിശാലമായി തരംതിരിക്കാം:

I. വിജ്ഞാന കേന്ദ്രീകൃതവും ആഗോള ബന്ധവും മെച്ചപ്പെട്ട ഉൾചേർക്കലുമുള്ള സാങ്കേതിക വിദ്യാധിഷ്ഠിത പ്രാദേശിക സമ്പദ്‌വ്യവസ്ഥ.

II. അത്യാധുനിക അറിവിലൂടെയും സാങ്കേതികവിദ്യയിലൂടെയും പങ്കാളിത്തവും സ്വാശ്രയത്വവും ഉറപ്പാക്കൽ.

ബൃഹത്തായ നൈപുണ്യ പരിപാടികൾ ഏറ്റെടുക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എംഎസ്എംഇകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവയിൽ ഇന്നൊവേഷൻ പരിപാടികൾ സംഘടിപ്പിക്കുക, ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂലമായ പരിവർത്തനം നടത്തുക എന്നിവ ഉൾപ്പെടുത്തിയും കേരള സമ്പദ് വ്യവസ്ഥയുടെ ഡിജിറ്റൽ പരിവർത്തനത്തിലൂടെയും കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കാൻ 2021-22 ലെ കേരള ബജറ്റ് നിർദ്ദേശിച്ചു. ഈ ചുമതലയുടെ നോഡൽ ഏജൻസിയായി കെ-ഡിസ്കിനെ ചുമതലപ്പെടുത്തി. വിദ്യാസമ്പന്നരായ യുവാക്കൾക്ക് പരിശീലനം നൽകുന്നതിന് ഒരു നൈപുണ്യ മിഷൻ സ്ഥാപിക്കുന്നതിനും കെ-ഡിസ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2023-24 വർഷത്തിൽ കെ-ഡിസ്ക് ഏറ്റെടുത്ത പ്രവർത്തനങ്ങളും നേട്ടങ്ങളും ചുവടെ വിശദീകരിച്ചിരിക്കുന്നു

1. കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം)

കേരള സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുകയും, സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കായി അറിവ് സമ്പാദിക്കുകയും, ഉപയോഗിക്കുകയും പങ്കിടുകയും ചെയ്യുന്ന ഒന്നാക്കി അതിനെ മാറ്റുകയുമാണ് കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) ചെയ്യുന്നത്. 2026-ഓടെ പ്രാദേശികവും അന്തർദേശീയവുമായ തലങ്ങളിൽ ആവശ്യകതകൾ സൃഷ്ടിക്കുകയും തൊഴിൽ സൗകര്യമൊരുക്കുകയും ചെയ്യുന്നതിലൂടെ 20 ലക്ഷം തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന പ്രത്യേക ലക്ഷ്യത്തിലാണ് കെകെഇഎം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മൊബിലൈസേഷൻ (സമാഹരണം), ക്യൂറേഷൻ, കൗൺസിലിംഗ്, സ്കില്ലിങ്, ആവശ്യഏകോപനം എന്നിവയാണ് കെകെഇഎം പ്രവർത്തനങ്ങളുടെ പ്രധാന ഘടകങ്ങൾ.

2. മൊബിലൈസേഷൻ (സമാഹരണം): കെകെഇഎമ്മിനെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തലും

3. കുടുംബശ്രീ മിഷന്റെ പിന്തുണയോടെ "എന്റെ ജോലി എന്റെ അഭിമാനം" എന്ന കാമ്പയിൻ നടത്തി 53 ലക്ഷം തൊഴിലന്വേഷകരെ കണ്ടെത്തി (2022 മെയ് 8 മുതൽ 2022 ജൂൺ 23 വരെ).

4. അസാപ്പുമായി സഹകരിച്ച് 'കണക്ട് കാമ്പസ് ടു കരിയർ' (സിസിസി) കാമ്പയിനിലൂടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബിലൈസേഷൻ പ്രവർത്തനങ്ങൾ നടത്തുന്നു.

5. ക്യൂറേഷനും കൗൺസിലിംഗും – തൊഴിലന്വേഷകരിൽ ആത്മവിശ്വാസം വളർത്തിയെടുക്കുന്ന വിവിധ തൊഴിൽ പിന്തുണാ സേവനങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

a) കൗൺസിലിംഗ്: ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ തൊഴിൽ മേഖല കെട്ടിപ്പടുക്കാൻ സഹായിക്കുന്ന വിധത്തിൽ തൊഴിൽ വഴികളെകുറിച്ചുള്ള അവബോധം, വിവിധതരത്തിലുള്ള

നൈപുണീകരണവും മറ്റും സഹായിക്കുക. 225 കൗൺസിലർമാർ പരിപാടിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ആകെ കൗൺസിലിംഗ് നടത്തിയത് - 1,08,682 (തൊഴിലന്വേഷകർ)

b) റോബോട്ടിക് അഭിമുഖം: തത്സമയ അഭിമുഖത്തിൽ പങ്കെടുക്കുന്ന പ്രതീതി സൃഷ്ടിക്കുംവിധം നിർമിത ബുദ്ധി ഉപയോഗിച്ച് വീഡിയോ പ്രൊഫൈലിംഗ് നടത്തി അഭിമുഖങ്ങളിൽ പങ്കെടുക്കാനുള്ള തൊഴിൽ അന്വേഷകരുടെ ആത്മവിശ്വാസം വർധിപ്പിക്കൽ. ആകെ അഭിമുഖം നടത്തിയത് - 12,699 (തൊഴിലന്വേഷകർ)

c) വ്യക്തിത്വ വികസന പരിശീലനം: 16 മണിക്കൂർ സൗജന്യ പരിശീലന മൊഡ്യൂളിലൂടെ തൊഴിലന്വേഷകരെ അവരുടെ ജോലിസ്ഥലത്തെ ആശയവിനിമയം, വ്യക്തിഗത കഴിവുകൾ, മൊത്തത്തിലുള്ള വ്യക്തിത്വ വികസനം എന്നിവ മെച്ചപ്പെടുത്താൻ സജ്ജമാക്കുന്നു.ആകെ പരിശീലനം നടത്തിയത് - 8,930 (തൊഴിലന്വേഷകർ)

d) ഇംഗ്ലീഷ് സ്കോർ: തൊഴിലന്വേഷകരുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വിലയിരുത്തുന്നതിനുള്ള ബ്രിട്ടീഷ് കൗൺസിലിന്റെ പരിശോധന. ഇത് ഭാഷകൾക്കായുള്ള കോമൺ യൂറോപ്യൻ ഫ്രെയിംവർക്ക് ഓഫ് റഫറൻസുമായി (CEFR) സംയോജിപ്പിച്ചിരിക്കുന്നു. ആകെ - 26,772 (തൊഴിലന്വേഷകർ)

e) വർക്ക് റെഡിനസ് പ്രോഗ്രാം - 52,305 (തൊഴിലന്വേഷകർ)

ആകെ ക്യൂറേഷൻ കൗൺസലിംഗ് നടത്തിയത് - 2,09,388 (തൊഴിലന്വേഷകർ)

6. നൈപുണ്യ പരിശീലനം - 655 സ്കിൽ പ്രോഗ്രാമുകൾ DWMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് (RTD) ആണ് KKEMന്റെ നൈപുണ്യ പരിശീലനത്തിന്റെ മാതൃക. തൊഴിൽ ദാതാവിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച നടത്തുന്ന പ്രാഥമിക സ്ക്രീനിംഗിനു ശേഷം ആവശ്യാധിഷ്ഠിത പരിശീലനവും നിയമനവും ഉറപ്പാക്കുന്ന RTD മാതൃക കൂടുതൽ സ്വീകാര്യം എന്ന് കണ്ട് അനുവർത്തിച്ചു വരുന്നു. ഈ മാതൃകയിൽ, സ്ഥാപനം തൊഴിലന്വേഷകരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും താല്ക്കാലിക ഓഫർ ലെറ്റർ നൽകുകയും ചെയ്യും. നിശ്ചിത തൊഴിൽ മേഖലയിലെ പരിശീലനത്തിന് ശേഷം അവസാന ഓഫർ ലെറ്റർ

നൽകും. വ്യവസായ പങ്കാളികളുമായും നൈപുണ്യ ദാതാക്കളുമായും സഹകരിച്ച് നൈപുണ്യ പ്രോഗ്രാമുകൾ തയ്യാറാക്കിയിട്ടുണ്ട്.

7. തൊഴിലുടമകളുടെ ഏകോപനം ഐ സി ടി അക്കാദമി (ICTAK), കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി ( CII ) എന്നിവ വഴി ആണ് നടത്തുന്നത്. DWMS പ്ലാറ്റ്ഫോമിൽ 31-03-2024 വരെ 6,095 തൊഴിലുടമകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31-03-2024 വരെ 10,45,516 ഒഴിവുകൾ കൊണ്ടുവരികയും 1,06,025 ഉദ്യോഗാർത്ഥികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നാവിഗോ, മോൺസ്റ്റർ, സിഐഐ, ഏണസ്റ്റ് ആൻഡ് യംഗ് (ഇവൈ), ടിസിഎസ്, യു.എസ്.ടി, ലിങ്ക്ഡ്ഇൻ, വേൾഡ് മലയാളി കൗൺസിൽ തുടങ്ങി വിവിധ അന്തർദേശീയ സ്ഥാപനങ്ങളുമായി പങ്കാളിത്തം സ്ഥാപിച്ചിട്ടുണ്ട്.

8. വർദ്ധിച്ചുവരുന്ന ഇന്ധനവിലയുടെയും ദേശീയ ജൈവഇന്ധന നയത്തിന്റെയും പശ്ചാത്തലത്തിൽ ഇലക്ട്രിക് വെഹിക്കിൾസ് (EV), ഗ്രീൻ എനർജി എന്നിവയിൽ കെ-ഡിസ്ക് ഒന്നിലധികം പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ഇ.വി. ബാറ്ററികളുടെ പ്രാദേശികമായ നിർമാണത്തിനും പരീക്ഷണത്തിനുമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (TTPL), വിക്രം സാരാഭായ് സ്പേസ് സെന്റർ (VSSC), C-DAC തിരുവനന്തപുരം, ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (TrEST) റിസർച്ച് പാർക്ക് എന്നിവയുടെ ഒരു EV കൺസോർഷ്യം ഇതിൽ ഉൾപ്പെടുന്നു. ക്ലീൻ എനർജി ഇന്നവേഷനും ബിസിനസ് ഇൻകുബേഷൻ സെന്ററും (സിഇഐബിസി) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

9. കേരളത്തിൽ ജീനോമിക്സ്, ന്യൂട്രാസ്യൂട്ടിക്കൽസ്, മൈക്രോബയോം എന്നിവയിൽ സെന്റർ ഓഫ് എക്സലൻസ് (സിഇഒ) സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

10. മെഡിക്കൽ ഉപകരണങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും പ്രമുഖ  നിർമ്മാണ കേന്ദ്രമാക്കി കേരളത്തെ മാറ്റുന്നതിന് പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ ബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന് (കെഎംടിസി) കീഴിലുള്ള പ്രവർത്തനങ്ങൾക്ക് സാധിച്ചു. 134 കോടിയുടെ 3 പ്രൊജെക്ടുകൾ നടപ്പിലാക്കി വരുന്നു.

11. വ്യവസായ വകുപ്പിന്റെ കോഫി പാർക്ക് പ്രവർത്തനങ്ങൾക്ക് അനുബന്ധമായി വയനാട്ടിലെ കാപ്പി മൂല്യ ശൃംഖലയുടെ പരിവർത്തനത്തെ പിന്തുണയ്ക്കാൻ ഒരു വിജ്ഞാന പരിപാടി സൃഷ്ടിക്കുന്നതിന് ക്ലൈമറ്റ് സ്മാർട്ട് കോഫി പ്രോഗ്രാം K-DISC ഏറ്റെടുത്തു നടത്തിവരുന്നു .

12. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP) K-DISC-ന്റെ പ്രധാന പരിപാടിയാണ്. 13 നും 35 നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾക്കിടയിൽ ഇന്നൊവേഷൻ ജനാധിപത്യവൽക്കരിക്കാനും ഇന്നൊവേഷൻ സംസ്കാരം പ്രോത്സാഹിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. 2018-ൽ ആരംഭിച്ച YIP പ്രോഗ്രാം 5 പതിപ്പുകൾ വിജയകരമായി സംഘടിപ്പിച്ചു. ശാസ്ത്രപഥം-YIP എന്ന പേരിൽ ഇതിനെ വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിക്കുകയും സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വിദ്യാർത്ഥികളിലേക്കും എത്തിക്കുകയും ചെയ്തിരിക്കുന്നു.

K-DISC വഴി 8800-ലധികം അക്കാദമിക് സ്ഥാപനങ്ങൾ ഉൾപ്പെട്ട ഒരു സംസ്ഥാന തലത്തിലുള്ള ഇന്നൊവേഷൻ ഇക്കോസിസ്റ്റം സൃഷ്ടിച്ചു. 30 തീമുകളിൽ 1500 വിദഗ്ധരുടെ കൂട്ടായ്മയായ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP) സൃഷ്ടിച്ചു. നീതി ആയോഗുമായി ചേർന്ന് അടൽ കമ്മ്യൂണിറ്റി ഇന്നോവേഷൻ സെന്റർ (ACIC) സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

13. മഞ്ചാടി - 2018-ൽ 5 പഞ്ചായത്തുകളിൽ "കൂടാരങ്ങളിൽ" പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ചു. പിന്നീട് ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിൽ ഇത് നടപ്പാക്കി. ഗണിതപഠനം ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്തണമെന്ന കാഴ്ചപ്പാടാണ് മഞ്ചാടിയെ നയിക്കുന്നത്. രണ്ടാം ഘട്ടത്തിൽ 20 എംആർഎസുകളിൽ മഞ്ചാടി ഇടപെടൽ നടപ്പാക്കി. ഈ ഘട്ടം 2023 മാർച്ച് 31-ന് പൂർത്തിയായി. ഈ വർഷം പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി, സമഗ്ര ശിക്ഷാ കേരള, വിദ്യാകിരൺ മിഷൻ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ 100 സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. നാനൂറോളം അധ്യാപകർ മഞ്ചാടി പദ്ധതിയുടെ ഭാഗമായി.

14. മഴവില്ല് - പതിവ് ക്ലാസ് റൂം അധ്യാപനമില്ലാതെ സയൻസ് പഠനത്തിനുള്ള ശിശു കേന്ദ്രീകൃത സമീപനമാണ് മഴവില്ല്. ഇന്ത്യയുടെ ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ അന്വേഷണാത്മകതയും ചരിത്രപരമായ

വികാസത്തെക്കുറിച്ചുള്ള അറിവും ശാസ്ത്രീയ മനോഭാവവും നൽകുന്ന പ്രവർത്തനങ്ങളെയാണ് മഴവില്ല് ആശ്രയിക്കുന്നത്. 2023-24 ൽ പദ്ധതി 12 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചു. 314 വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതി 2023-ലെ SKOCH സിൽവർ അവാർഡ് നേടി.

15. ഒരു ജില്ല ഒരു ആശയം (ODOI) - 61 അക്കാദമിക് സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ, എഫ്.പി.ഒ, കൈത്തറി, കരകൗശല, മറ്റ് എംഎസ്എംഇ എന്നിവരുൾപ്പെടുന്ന 63 ക്ലസ്റ്ററുകൾ എന്നിവയിൽ കാര്യമായ വളർച്ചയാണ് ഒരു ജില്ല ഒരു ആശയം (ODOI) എംഎസ്എംഇ ഇന്നൊവേഷൻ ക്ലസ്റ്റേഴ്സ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. വ്യവസായ വകുപ്പുമായി സഹകരിച്ചാണ് ODOI നടപ്പിലാക്കുന്നത്. ക്ലസ്റ്റർ വികസന പദ്ധതികളുടെ വിലയിരുത്തലിനായി EDII യുമായി ധാരണാപത്രവും ഒപ്പുവച്ചു. വ്യവസായ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനായി ഷോർട്ട് ലിസ്റ്റ് ചെയ്ത ക്ലസ്റ്ററുകൾക്കുള്ള ഡിപിആർ അന്തിമമായി.

16. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI) - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇന്നൊവേഷൻ ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ്, കില, ഐആർടിസി എന്നിവയുമായി സഹകരിച്ച് ഒരു തദ്ദേശസ്ഥാപനം ഒരു ആശയം (OLOI) പരിപാടി നടപ്പാക്കിവരികയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പോർട്ടലായ സുലേഖയുമായി സംയോജിപ്പിച്ച് ഒരു പുതിയ പോർട്ടലും വികസിപ്പിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ നൂതനമായ പരിഹാരങ്ങൾ ക്ഷണിക്കുന്നതിനായി ഖരമാലിന്യ ഹാക്കത്തോൺ നടത്തി. 189 സ്റ്റാർട്ടപ്പുകളും കമ്പനികളും അവരുടെ ആശയങ്ങൾ സമർപ്പിച്ചു, 18 ആശയങ്ങൾ ഷോർട്ട് ലിസ്റ്റ് ചെയ്തു. കിലയുടെ പിൻതുണയോടെ 1757 പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർക്ക് OLOI രീതിശാസ്ത്രത്തിൽ പരിശീലനം നല്കാൻ കഴിഞ്ഞു.

17. ഉയർന്നുവരുന്ന സാങ്കേതികവിദ്യകളിലൂടെ സർക്കാർ സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്താനുള്ള എമേർജിങ് ടെക്നോളജി (ET )പരിപാടിയുടെ കീഴിൽ 2023-24ൽ 31 പദ്ധതികൾ ഉണ്ടായിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ ജി-ഗെയ്റ്റർ ഇൻസ്റ്റാലേഷൻ കേരളീയം 2023-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

| | | | |
|---|---|---|---|
| | | | ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്, കേരള ജല അതോറിറ്റി തുടങ്ങിയ നിരവധി വകുപ്പുകളായി ചേർന്ന് പ്രൊജെക്ടുകൾ നടപ്പിലാക്കി.<br><br>18. മികവിന്റെ കേന്ദ്രങ്ങൾ - രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി , കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) എന്നിവയുമായി സഹകരിച്ച് മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ (COE) സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ K-DISC പൂർത്തിയാക്കി.<br><br>19. കിഫ്ബിയുടെയും ഡിജിറ്റൽ സർവ്വകലാശാലയുടെയും പിന്തുണയോടെ കേരള ജീനോം ഡാറ്റാ സെന്ററിന്റെ (KGDC) പ്രാരംഭ ഘട്ടം ആരംഭിച്ചു.<br><br>20. ക്ലീൻ എനർജി ഇന്നവേഷൻ ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ ആദ്യഘട്ടം പൂർത്തിയാക്കി. ഐസിടി അക്കാദമിയും ഡിജിറ്റൽ സർവ്വകലാശാലയും ചേർന്ന് ഓപ്പൺ ടാലന്റിനായി ഒരു സെന്റർ ഓഫ് എക്സലൻസ് സൃഷ്ടിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>21. എബിസിഡി - കേരളത്തെ ഒരു ബ്ലോക്ക് ചെയിൻ ഹബ് ആക്കുന്നതിനായി ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോംപിറ്റൻസി ഡെവലപ്മെന്റ് (എബിസിഡി) പ്രോഗ്രാം സ്ഥാപിച്ചു. K-DISC, ICTAK, Digital University Kerala, Blockchain Education Network MLG Blockchain Consulting, Canada, Linux Foundation, Intel Corporation എന്നിവ സ്ഥാപക പങ്കാളികളാണ്. കേരളത്തിൽ ബ്ലോക്ക് ചെയിൻ ഗ്ലോബൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനും ഗുണമേന്മയുള്ള പ്രതിഭകളുടെ ലഭ്യത കാരണം ചെറുകിട കമ്പനികൾ കേരളത്തിലേക്ക് മാറുന്നതിനും എബിസിഡി പ്രോഗ്രാം വഴിയൊരുക്കി. |
| (ബി) | കെ-ഡിസ്ക് പ്രവർത്തനമാരംഭിച്ചത് എന്നാണെന്നും ഇതിലൂടെ എത്ര തൊഴിൽ സംരംഭങ്ങൾ ഇതിനകം സംഭാവന ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | 08.07.2013ലെ സ.ഉ (സാധാ) നം 272/2013/PLG നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ എന്ന പേരിൽ ആരംഭിച്ച ഈ സ്ഥാപനം 31.12.2017 ലെ സ.ഉ (പി) നം 26/2017/PLG നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ, (കെ-ഡിസ്ക്) എന്ന പേരിൽ പുനഃസംഘടിപ്പിക്കുകയും, തുടർന്ന് 04.05.2021 ൽ |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രി അധ്യക്ഷനും മന്ത്രിമാർ അംഗങ്ങളുമായ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയത് പ്രവർത്തിച്ചവരികയും ചെയുന്നു.<br><br>തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നത് കെ-ഡിസ്ക്-ന്റെ ചുമതലയിൽ പെടുന്നതല്ല. കെ-ഡിസ്ക് നടപ്പിലാക്കുന്ന യങ് ഇന്നൊവേറ്റർസ് പ്രോഗ്രാം, ലോക്കൽ ഇന്നോവേഷൻ പ്രോഗ്രാം തുടങ്ങിയ പരിപാടികളിലൂടെ ഏതാനും തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കെ-ഡിസ്ക് അവസരം ഒരുക്കിയിട്ടുണ്ട്. ആലപ്പുഴ എസ് ഡി കോളേജ് വിദ്യാർത്ഥി ശ്രീ . അനൂപിന്റെ നേതൃത്വത്തിൽ മൂന്നംഗ ടീം കുളവാഴയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്ന പ്രൊജക്റ്റ് പൂർത്തീകരിച്ച് "ഐക്കോട്ടെക്ക് "എന്ന സ്റ്റാർട്ടപ്പ് സ്ഥാപിച്ചത്, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്‌സിറ്റിയിലെ വിദ്യാർഥികൾ വികസിപ്പിച്ച കന്നുകാലികളിൽ കൃത്രിമ ബീജസങ്കലനം നടത്താനുള്ള ഉപകരണം, പാലക്കാട്ടെ ലീഡ് കോളേജ് ഓഫ് മാനേജ്‌മെന്റ് വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്കിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന പ്ലൈവുഡിന് പകരം ഉപയോഗിക്കാവുന്ന നിർമ്മാണ പാനൽ എന്നിവ ഉദാഹരണങ്ങളാണ്. |
| (സി) | ആഗോള വ്യവസായ മേഖലയിൽ ഉണ്ടാകുന്ന മാറ്റത്തിനനുസൃതമായി സൃഷ്ടിക്കാനിടയുള്ള തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് കെ-ഡിസ്കിലൂടെ നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (സി) | ആഗോള വ്യവസായ മേഖലയിൽ ഇൻഡസ്ട്രി 4.0 യുടെ ഭാഗമായ ആധുനിക തൊഴിലുകളിലേക്ക് തൊഴിൽ അന്വേഷകരെ പ്രാപ്തരാക്കുവാൻ ഉതകുന്ന ആധുനിക സാങ്കേതിക വിദ്യകൾ തൊഴിൽ പരിശീലനത്തിന്റെ ഭാഗമാക്കുവാൻ കെ-ഡിസ്കിന്റെ ഭാഗമായ കേരള നോളേജ് ഇക്കോണമി മിഷൻ നടപടികൾ സ്വീകരിച്ചു വരുന്നു . ആഗോള തലത്തിൽ വർധിച്ചു വരുന്ന ഫ്രീലാൻസ് തൊഴിൽ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ ലക്ഷ്യമിട്ടു കൊണ്ട് ഒരു ഓപ്പൺ ടാലെന്റ് പ്ലാറ്റ്ഫോം രൂപീകരിക്കുന്ന പ്രവർത്തനം ആരംഭ ഘട്ടത്തിലാണ്. സ്വദേശത്തും വിദേശത്തും പ്രവർത്തിക്കുന്ന കമ്പനികളുടെ വിജ്ഞാന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കേരളീയർക്കായി പ്രാദേശികമായി സജ്ജീകരിക്കുന്ന വികേന്ദ്രീകൃത തൊഴിലിടങ്ങൾ സൃഷ്ടിക്കുവാൻ വർക്ക് നിയർ ഹോം പദ്ധതിക്കു രൂപം കൊടുത്തിട്ടുണ്ട് . ഈ പദ്ധതിയുടെ 10 പൈലറ്റ് കേന്ദ്രങ്ങൾ ഈ വർഷം പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. തൊഴിൽ ദാതാക്കളായ കമ്പനികളുടെ ആവശ്യകതക്കനുസരിച്ചു പ്രാഥമിക സ്ക്രീനിംഗ് ന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട് ചെയ്യുവാനും തുടർന്ന് ആവശ്യാധിഷ്ഠിത പരിശീലനത്തിന് ശേഷം ഡിപ്ലോയ് ചെയ്യുവാനും കഴിയുന്ന റിക്രൂട്ട്, ട്രെയിൻ & ഡിപ്ലോയ് (RTD) |

| | | | |
|---|---|---|---|
| | | | മാതൃകയാണ് കേരള നോളേജ് ഇക്കോണമി മിഷൻ ( കെ കെ ഇ എം ) പ്രധാനമായും അനുവർത്തിക്കുന്നത്. പഠന കാലയളവിൽ തന്നെ തൊഴിലിനു തയ്യാറെടുക്കുവാൻ കഴിയുന്ന തരത്തിൽ തൊഴിൽ ദാതാക്കളുടെയും നൈപുണ്യ പരിശീലന ഏജൻസികളുടെയും സഹകരണത്തോടെ കോഴ്സ് ഇന്റഗ്രേറ്റഡ് RTD മാതൃക കോളേജ് /സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഉൾച്ചേർക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു . |
| (ഡി) | കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ പേർക്ക് അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പ്രാരംഭ ഘട്ടത്തിലെ 5 പ്രോജക്ടുകളിൽ നിന്ന് 25-ലധികം പ്രോജക്ടുകളിലേക്ക് K-DISC പ്രവർത്തനങ്ങൾ വിപുലീകരിച്ചു. ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ പിന്തുണയോടെയാണ് എല്ലാ പദ്ധതികളും നടപ്പിലാക്കുന്നത്. നിലവിൽ K-DISC ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾ, 8000 അക്കാദമിക് സ്ഥാപനങ്ങൾ, 16,00,000 തൊഴിലന്വേഷകർ, 6,000 തൊഴിലുടമകൾ, 50 സ്റ്റാർട്ടപ്പുകൾ, 5 മികവിന്റെ കേന്ദ്രങ്ങൾ എന്നിവയുൾപ്പെടുന്ന ഒരു ഇന്നൊവേഷൻ ഇക്കോസിസ്റ്റം നിലവിൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ